ഉത്തരം

(എ) - -(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലൈംഗിക പീഡന കേസുകളിൽ കർശന നടപടി

102 [57] *ശ്രീ. വി. പെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതു സംബന്ധിച്ച വിശദാംശം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചത് സംബന്ധിച്ച് എത്ര കേസുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്ത്രീപീഡന കേസുകളിൽ പലപ്പോഴും പ്രതികൾ പണവും സ്വാധീനവും ഉപയോഗിച്ച് രക്ഷപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) - - (ഇ) വിവരം ശേഖരിച്ചുവരുന്നു.

ബലാത്സംഗ-കൊലപാതക കേസുകൾ

103 [58] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ, രാഷ്ട്രീയേതര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് പറയാമോ;

(ബി) എത്ര സ്ത്രീപീഡന കേസുകളും ബലാത്സംഗ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാത്സംഗം ചെയ്ത എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഗുണ്ടാ-മാഫിയ ആക്രമണ കേസുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഗുണ്ടാ-മാഫിയ ആക്രമണങ്ങളിൽ പരിക്കേറ്റവരും മരണപ്പെട്ടവരും എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവർ എത്ര പേരാണ്;

(ജി) കാർഷിക കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവർ എത്ര പേരാണ്?

ഉത്തരം

(എ) -- (ജി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട പെൺവാണിഭ കേസുകൾ

104 [59] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പെൺവാണിഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം കേസുകളാണ് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ നടന്ന പെൺവാണിഭ കേസുകളിൽ എത്രയെണ്ണം അന്വേഷണം പൂർത്തീകരിച്ച് കോടതിയിലെത്തിക്കുവാനും പ്രതികൾക്ക് ശിക്ഷ ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആഭ്യന്തര വകുപ്പ് നടപടിയെടുത്തിട്ടുണ്ടോയെന്നും, ഓരോ കേസിലും ഉൾപ്പെട്ടവർക്കെതിരെ കൈക്കൊണ്ട നടപടിയെ സംബന്ധിച്ചും വിശദമാക്കുമോ?

ഉത്തരം

(എ) 53 കേസുകൾ.

(ബി) ഒരു കേസ്.

(സി) കുമരകം പി. എസ്. ക്രൈം 188/2004 സി. ബി. ഐ. യ്ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ചു പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly